DESPATCHED
On. 06/02/2020
17.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം_695 001

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.597(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7535/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. കെ.വി. ഷാജി,
സമത,
പുല്ലിപ്പറമ്പ് പി.ഒ.,
ചേലേമ്പ്ര, മലപ്പുറം ജില്ല,
പിൻ – 673 634.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/03/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30/03/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 06/05/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 08/05/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/05/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/06/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.വി.ഷാജി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നാണ്.

2. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.1.2011-ലെ സ.ഉ.(അ)നം.24/11/ത.സ്വ.ഭവ. നമ്പർ ഉത്തരവിന് അടിസ്ഥാനമായ ചട്ടത്തിന്റെ മലയാളം പകർപ്പ് നൽകണമെന്നും

എ) മേൽപ്പടി ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

ii. മേൽ പറഞ്ഞ ചട്ടം പ്രാബല്യത്തിൽ വരുന്ന തീയതി എത്ര തവണ നീട്ടി ഉത്തരവായി എന്നും മറ്റുമായി 4 പ്രധാന ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 17.3.2015 തീയതിയിലെ അപേക്ഷ 21.3.2015 തീയതി സർക്കാരിൽ ലഭിച്ചു എന്നും ആയത് പരിശോധിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 152/- രൂപ ഫീസ് ഒടുക്കി ചെലാൻ ഹാജരാക്കണമെന്ന് ഹർജിക്കാരനെ അറിയിച്ചുവെങ്കിലും ആയതുപ്രകാരം ഹർജിക്കാരൻ പ്രവർത്തിച്ചിട്ടില്ല എന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 4, 4(എ) എന്നിവയ്ക്കുള്ള വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ലാത്തതിനാൽ ആയത് ടിയാന് നേരിട്ട് നൽകുന്നതിനായി മുഖ്യ നഗരാസൂത്രകന് ഹർജിക്കാരന്റെ അപേക്ഷയുടെ കോപ്പി അയച്ചു നൽകുകയും ചെയ്തിട്ടുണ്ട് എന്നും ഹർജിക്കാരന് എതിർകക്ഷി ഓഫീസിൽ നിന്നും 30.3.2015 തീയതി അയച്ച മറുപടിയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് ടിയാന് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ആയത് സ്ഥാപിക്കുന്ന രേഖകൾ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തു . ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM